# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4157** **25.06.2018 ലെ മറുപടി**

## ശംഖുമുഖം ബീച്ച്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ :** | | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) തിരുവനന്തപുരം നഗരത്തിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായ ശംഖുമുഖം ബീച്ച് ശക്തമായ കടലാക്രമണത്തിൽ തകർന്നടിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ശംഖുമുഖത്തെ ശക്തമായ തിരമാലകൾ ചെറുക്കുന്നതിനും ബീച്ച് സംരക്ഷിക്കുന്നതിനും എന്ത് സംവിധാനം ഏർപ്പെടുത്തുവാനാണ് ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;<br>(സി) ഇതിന് എത്ര കോടി രൂപ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ; ബീച്ച് സംരക്ഷണത്തിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും | തിരുവനന്തപുരം നഗരത്തിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായ ശംഖുമുഖം ബീച്ച് ശക്തമായ കടലാക്രണത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് നിർമ്മിച്ചിരുന്ന സംരക്ഷണ ഭിത്തിയും എയർപോർട്ട് ശംഖുമുഖം റോഡും തകരുകയും 5 മീറ്ററോളം താഴ്ചയിൽ കടൽ മണ്ണ് ഒഴുകി പോകുകയും ചെയ്തു. ഗാബിയോൺ ബോക്സ് ഉപയോഗിച്ചുള്ള സംരക്ഷണഭിത്തിയാണ് മുമ്പ് ഉണ്ടായിരുന്നത്. തുടർച്ചയായ കടലാക്രമണത്തിൽ 400 മീറ്ററോളം തകർന്നു പോയിട്ടുണ്ട്. ഇതു പുനർനിർമ്മിക്കുന്നതിനുള്ള രൂപരേഖ IDRB തയ്യാറാക്കുന്നതാണ്. ആയതിനെ അടിസ്ഥാനപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ